DESPATCHED
On... 11/06/2020

11/05/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1640(2)/2019/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.12015/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ജോസഫ് ഐസക്ക്
അഡ്വക്കേറ്റ്, റൂം നമ്പർ –6
സുമംഗലി ആഡിറ്റോറിയം
മുൻസിഫ് കോർട്ടിന് സമീപം
ചങ്ങാനാശ്ശേരി
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   ബി.എ.എം കോളേജ്,
   തുരുത്തിക്കാട്
   മല്ലപ്പള്ളി
2. അപ്പീൽ അധികാരി ആന്റ്
   പ്രിൻസിപ്പൽ
   ബി.എ.എം കോളേജ്,
   തുരുത്തിക്കാട്
   മല്ലപ്പള്ളി

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 23.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21.12.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 15.02.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 12.07.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.07.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.12.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24.12.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് പത്തനംതിട്ട |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ അപ്പീൽ അധികാരിയുടെ തീർപ്പിൽ അതൃപ്തി ഉണ്ടെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 23.11.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ 1964 ഒക്ടോബറിൽ ബി.എ.എം ട്രസ്റ്റിനു വേണ്ടി പ്രസിഡന്റ് ടി.സി ജോർജ്ജ് ബി.എ.എം കോളേജിനു വേണ്ടി യൂണിവേഴ്സിറ്റിയിൽ നൽകിയ അപേക്ഷയും ആയത് അനുവദിച്ചുള്ള ഉത്തരവിന്റെ കോപ്പിയും നൽകണമെന്നും, ഇനം 2 ൽ ബി.എ.എം കോളേജിനുവേണ്ടി 1965 ൽ യൂണിവേഴ്സിറ്റി ഇൻസ്പെക്ഷൻ കമ്മറ്റിയുടെ നിർദ്ദേശപ്രകാരം ബി.എ.എം ട്രസ്റ്റിന്റെ പേരിൽ എത്ര ഏക്കർ വസ്തുവാണ് വാങ്ങിയിട്ടുള്ളതെന്നും തുടങ്ങി 30 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി 21.12.2018-ൽ നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 14.01.2019 ൽ അപ്പീൽ അപേക്ഷ നൽകുകയും, 15.02.2019 ൽ അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു. 24.12.2019 ൽ എസ്.പി.ഐ.ഒ റിപ്പോർട്ട് സമർപ്പിച്ചു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ വാക്കുകളുടെ പരമാവധി എണ്ണം കഴിഞ്ഞതിനാൽ അപേക്ഷ നിരസിക്കുന്നുവെന്ന് കാണിച്ചിരിക്കുന്നത് അംഗീകരിക്കാൻ സാധിക്കില്ലെന്നും അപ്പീൽ സമയത്തും ഹർജിക്കാരന് ആവശ്യപ്പെട്ട മറുപടി നൽകിയില്ലെന്നും കമ്മീഷൻ വിലയിരുത്തുകയും, വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ മറുപടി നൽകിയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണെന്ന് കണക്കാക്കുകയും, ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ

കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മേയ് 11-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res